**പതിമൂന്നാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.380.** **08.02.2016 ൽ മറുപടിയ്ക്ക്.**

## ബസ്/ഓട്ടോ/ടാക്സി/ടെമ്പോ ചാർജ്ജുകൾ

<table>
<tr><th colspan="2"><u>ചോദ്യം</u><br>ശ്രീ. രാജു എബ്രഹാം</th><th colspan="2"><u>ഉത്തരം</u><br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br><br>(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി)</th></tr>
<tr><td>(എ)</td><td>ഈ സർക്കാർ അധികാരത്തിൽ വന്നപ്പോൾ സംസ്ഥാനത്ത് നിലവിലുണ്ടായിരുന്ന മിനിമം ബസ്/ഓട്ടോ/ടാക്സി/ടെമ്പോ ചാർജ്ജുകൾ എത്രയെന്ന് വ്യക്തമാക്കാമോ; അന്ന് ഒരു ലിറ്റർ പെട്രോളിനും ഒരു ലിറ്റർ ഡീസലിനും എത്രവീതമായിരുന്നു വില എന്ന് വ്യക്തമാക്കാമോ; അന്ന് ടാക്സി ഇനത്തിൽ എത്ര രൂപവീതമായിരുന്നു ഒരു ലിറ്റർ പെട്രോൾ /ഡീസൽ വില്പനയിലൂടെ സംസ്ഥാന സർക്കാരിന് ലഭിച്ചിരുന്നത്;</td><td>(എ)</td><td>2011 മേയിലെ മിനിമം ബസ് ചാർജ്ജ്
<table>
<tr><td>സിറ്റി/ഓർഡിനറി</td><td>4</td></tr>
<tr><td>സിറ്റി ഫാസ്റ്റ്</td><td>5</td></tr>
<tr><td>ഫാസ്റ്റ് പാസഞ്ചർ / ലിമിറ്റഡ് സ്റ്റോപ്പ് ഫാസ്റ്റ് പാസഞ്ചർ</td><td>5</td></tr>
<tr><td>സൂപ്പർ ഫാസ്റ്റ്</td><td>10</td></tr>
<tr><td>സൂപ്പർ എക്സ്പ്രസ്</td><td>15</td></tr>
<tr><td>സൂപ്പർ ഡീലക്സ്</td><td>20</td></tr>
<tr><td>ലക്ഷ്വറി / ഹൈടെക് എ.സി.</td><td>30</td></tr>
<tr><td>വോൾവോ</td><td>30</td></tr>
</table>
<br><u>ഓട്ടോ</u><br>മിനിമം ചാർജ്ജ് 12 രൂപ<br>കിലോമീറ്റർ നിരക്ക് 7 രൂപ<br><br><u>ടാക്സി</u><br>മിനിമം ചാർജ്ജ് 60 രൂപ (3 കിലോമീറ്റർ വരെ),<br>കിലോമീറ്റർ നിരക്ക് 8 രൂപ<br><br>ടെമ്പോ ചാർജ് സർക്കാർ നിശ്ചയിച്ചിട്ടില്ല.<br>അന്നത്തെ പെട്രോൾ/ഡീസൽ വില,</td></tr>
</table>

| | | | |
|---|---|---|---|
| | | | നികുതി എന്നിവ സംബന്ധിച്ച് വിവരം ശേഖരിച്ച നല്കുന്നതാണ്. |
| (ബി) | ഈ സർക്കാർ അധികാരമേറ്റശേഷം എത്ര തവണ ബസ്/ഓട്ടോ/ടാക്സി/ ടെമ്പോ നിരക്കുകളിൽ വർദ്ധനവ് വരുത്തിയിട്ടുണ്ട് ഏതൊക്കെ തിയതികളിൽ, എത്ര രൂപ വീതമാണ് ഓരോ വിഭാഗത്തിലും വർദ്ധിപ്പിച്ചിട്ടുള്ളത്; നിരക്ക് വർദ്ധിപ്പിക്കുന്നതിനുണ്ടായ കാരണം; ആ സമയത്ത് പെട്രോൾ/ഡീസൽ വില ലിറ്ററിന് എത്ര രൂപ വീതമായിരുന്നു; ടാക്സിനത്തിൽ ഒരു ലിറ്റർ പെട്രോളിനും ഡീസലിനും എത്ര രൂപ വീതം സംസ്ഥാന സർക്കാരിന് ലഭിക്കുമായിരുന്നു; | (ബി) | ബസ് ചാർജ് - മൂന്ന് തവണ<br>വിശദ വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു. (അനുബന്ധം 1)<br><br>ഓട്ടോ/ടാക്സി ചാർജുകൾ - രണ്ടു തവണ<br>വിശദ വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു. (അനുബന്ധം 2)<br><br>ടെമ്പോ ചാർജ് സർക്കാർ നിശ്ചയിച്ചിട്ടില്ല.<br>ഡീസൽ, സ്പെയർ പാർട്ട്സ് എന്നിവയുടെ വില, തൊഴിലാളികളുടെ വേതനം, ഇൻഷ്വറൻസ്,മെയിന്റനൻസ് ചെലവുകൾ ഇവയിലുള്ള വർദ്ധന എന്നിവ കാരണമാണ് നിരക്ക് വർദ്ധിപ്പിച്ചത്.<br><br>ആ സമയത്ത് നിലവിലിരുന്ന പെട്രോൾ/ഡീസൽ വില, നികുതി എന്നിവ സംബന്ധിച്ച് വിവരം ശേഖരിച്ച നല്കുന്നതാണ്. |
| (സി) | ഈ സർക്കാരിന്റെ കാലത്ത് എത്ര തവണ ഡീസൽ/പെട്രോൾ വിലയിൽ കുറവ് വന്നിട്ടുണ്ട്; ഏതൊക്കെ തീയതികളിൽ; എത്ര വീതം കുറവാണ് വന്നിട്ടുള്ളത്; | (സി) | ഡീസൽ വില അനുബന്ധമായി ചേർക്കുന്നു. (അനുബന്ധം 3)<br>പെട്രോൾ വില ശേഖരിച്ച നൽകുന്നതാണ്. |
| (ഡി) | ഡീസലിന്റെയും /പെട്രോളിന്റെയും വിലവർദ്ധനവിന്റെ പേരിൽ വർദ്ധിപ്പിച്ച ബസ്/ ഓട്ടോ/ ടാക്സി/ ടെമ്പോ ചാർജുകൾ ഇതനുസരിച്ച് കുറയ്ക്കാൻ സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ; | (ഡി) & (ഇ) | ഇന്ധനവില കുറഞ്ഞ സാഹചര്യത്തിൽ, നിരക്ക് കുറയ്ക്കുന്നത് സംബന്ധിച്ച് വിശദമായ പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ ജസ്റ്റിസ് രാമചന്ദ്രൻ കമ്മിറ്റിയ്ക്ക് നിർദ്ദേശം നല്കുകയും, കമ്മിറ്റി |

| | | | |
|---|---|---|---|
| | ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വിശദമാക്കാമോ ; | | വിവിധ മേഖലകളിൽ നിന്നും തെളിവെടുപ്പ് നടത്തി റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഇന്ധന വിലയിൽ ഏറ്റക്കുറച്ചിലുകൾ ഉണ്ടായിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ ചാർജ് കുറയ്ക്കേണ്ടതില്ല എന്നാണ് കമ്മിറ്റി ശുപാർശ ചെയ്തിട്ടുള്ളത്. എന്നാൽ ഇന്ധന വിലയിൽ സ്ഥിരത ഉണ്ടാകുന്ന അവസ്ഥ വരുമ്പോൾ പരിഗണിക്കപ്പെടേണ്ടതായ എല്ലാ വശങ്ങളും പരിഗണിച്ചുകൊണ്ട് ബസ് ചാർജും ടാക്സി-ഓട്ടോറിക്ഷാ നിരക്കുകളും കുറയ്ക്കുന്ന കാര്യം സർക്കാരിന് അലോചിക്കാവുന്നതാണെന്നും സമിതി ശുപാർശ ചെയ്യുകയുണ്ടായി. എന്നിരുന്നാലും ഇതര സംസ്ഥാനങ്ങളിൽ ചാർജ് കുറയ്ക്കുന്നതിനായി എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ എന്നത് സംബന്ധിച്ച് സർക്കാർ പരിശോധിച്ചു വരികയാണ്. ബസ്ചാർജും ടാക്സി / ഓട്ടോറിക്ഷാനിരക്കുകളും കാലാകാലങ്ങളിൽ നിശ്ചയിക്കുന്നതിനായി റെഗുലേറ്ററി കമ്മീഷനെ നിയമിക്കുന്നതിനായുള്ള നിർദ്ദേശങ്ങൾ ഒന്നും ഇപ്പോൾ പരിഗണനയിലില്ല. |
| (ഇ) | വർദ്ധിപ്പിച്ച ബസ്/ഓട്ടോ/ടാക്സി/ടെമ്പോ നിരക്കുകൾ കുറയ്ക്കുന്നതിന് എന്തൊക്കെ നടപടി സ്വീകരിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ; ഇത്തരം കാര്യങ്ങൾ പരിശോധിക്കുന്നതിനും നടപ്പിൽ വരുത്തുന്നതിനുമായി ഒരു റെഗുലേറ്ററി കമ്മീഷനെ നിയമിക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ വ്യക്തമാക്കുമോ? | | |

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്

സെക്ഷൻ ഓഫീസർ.